**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 64** **02-02-2026 - ൽ മറുപടിയ്ക്ക്**

**വന്യജീവി ആക്രമണ പ്രതിരോധ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . കെ .ഡി .പ്രസേനൻ ,<br>ശ്രീ. എ. സി. മൊയ്തീൻ ,<br>ശ്രീ ഡി കെ മുരളി,<br>ശ്രീ എം രാജഗോപാലൻ | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | വന്യജീവി ആക്രമണ പ്രതിരോധത്തിനായി ഏതൊക്കെ മിഷനുകൾ രൂപീകരിച്ചിട്ടുണ്ട്; ഈ മിഷനുകളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | മനുഷ്യ-വന്യജീവി സംഘർഷ ലഘൂകരണത്തിനായി 12 മിഷനുകൾ രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു 1) മിഷൻ ഫുഡ്, ഫോഡർ & വാട്ടർ, 2) മിഷൻ സോളാർ ഫെൻസിംഗ്, 3) മിഷൻ വൈൽഡ് പിഗ്, 4) മിഷൻ സർപ്പ, 5) മിഷൻ പ്രൈമറി റെസ്പോൺസ് ടീം, 6) മിഷൻ റിയൽ ടൈം മോണിറ്ററിംഗ്, 7) മിഷൻ ട്രൈബൽ നോളജ് (ഗോത്രഭേരി), 8) മിഷൻ സെൻസിറ്റൈസേഷൻ ടു പബ്ലിക്, 9) മിഷൻ സയൻസ് ഓൺ ഹ്യൂമൻ വൈൽഡ്¬ലൈഫ് കോൺഫ്ലിക്റ്റ്, 10) മിഷൻ ബോണറ്റ് മക്കാക്ക്, 11) മിഷൻ മഞ്ഞക്കൊന്ന & 12) മിഷൻ കൃഷി പുനരുജ്ജീവനവും മനുഷ്യ-വന്യജീവി സംഘർഷ ലഘൂകരണവും എന്നിവയാണ് 12 മിഷനുകൾ.<br><br>ടി മിഷനുകളുടെ പ്രവർത്തനം വിവിധ വകുപ്പ് തലത്തിലും സർക്കാർ തലത്തിലും വിവിധ കമ്മിറ്റികൾക്ക് രൂപം നൽകിയും നിരന്തരം വിലയിരുത്തി വരുന്നുണ്ട്.<br><br>**മേൽ സൂചിപ്പിച്ച 12 മിഷനുകളുടെ പ്രവർത്തനഫലമായി:**<br>മനുഷ്യ-വന്യജീവി സംഘർഷങ്ങൾ കാരണമുണ്ടാകുന്ന മരണ നിരക്ക് മുൻ വർഷങ്ങളെ അപേക്ഷിച്ച് (2011-12 ൽ 126 മരണം ആയിരുന്നത് 2025-26 വർഷത്തിൽ നാളിതു (29/01/2026) വരെ 42 മരണം) ഗണ്യമായി കുറയ്ക്കുവാൻ കഴിഞ്ഞിട്ടുണ്ട്.<br><br>ബഹുമാനപ്പെട്ട മുഖ്യമന്ത്രി കോഴിക്കോട് ജനകീയ വേദിയിൽ പ്രഖ്യാപിച്ച മനുഷ്യ-വന്യജീവി സംഘർഷ ലഘൂകരണ തീവ്രയജ്ഞ പരിപാടിയുടെ ഭാഗമായി പഞ്ചായത്തുകളിൽ ആരംഭിച്ച ഹെൽപ്-ഡെസ്കുകളിലൂടെ പരാതികൾ സ്വീകരിച്ച് അടിയന്തര |

പ്രാധാന്യത്തോടെ തീർപ്പ് കല്പിച്ചത് കാരണം നിലവിൽ പരാതികളുടെ എണ്ണം ഗണ്യമായി കുറഞ്ഞിട്ടുണ്ട്.

മനുഷ്യ-വന്യജീവി സംഘർഷം സംസ്ഥാന സവിശേഷ ദുരന്തമായി പ്രഖ്യാപിച്ചതിലൂടെ വനം വകുപ്പും മറ്റു വകുപ്പുകളുമായുള്ള ഏകോപനവും സഹകരണവും ശക്തിപ്പെടുത്തുന്നതിനും വനം വകുപ്പിന്റെ പ്രവർത്തനക്ഷമത വർദ്ധിപ്പിക്കുന്നതിനും ആയതിലൂടെ മനുഷ്യ-വന്യജീവി സംഘർഷങ്ങൾ കുറയ്ക്കുന്നതിനും സാധിച്ചിട്ടുള്ളതാണ്.

വനം വകുപ്പ് ജീവനക്കാർ നിത്യേന ചെയ്തുവന്നിരുന്ന ജോലികൾക്കുപരിയായി മിഷന്റെ ഭാഗമായ സൗരോർജ്ജ വേലികളുടെ അറ്റകുറ്റപ്പണിയും പരിചരണവും, തടയണ നിർമ്മാണം, നീരുറവകളുടെ പരിപാലനം, മനുഷ്യ-വന്യജീവി സംഘർഷ ലഘൂകരണ പ്രവർത്തനങ്ങൾ തുടങ്ങിയവയിൽ ഏർപ്പെട്ടതിലൂടെ മനുഷ്യ-വന്യജീവി സംഘർഷ പ്രക്രിയയിൽ ജീവനക്കാരുടെ പ്രവർത്തനക്ഷമതയും കാര്യക്ഷമതയും വളരെയേറെ വർദ്ധിച്ചിട്ടുള്ളതാണ്.

മനുഷ്യ-വന്യജീവി സംഘർഷ ലഘൂകരണ പ്രവർത്തനങ്ങൾക്കായി വനാതിർത്തി പ്രദേശങ്ങളിലെ തദ്ദേശവാസികളുടെ സഹകരണം ഉറപ്പാക്കുന്നതിലൂടെ അവരുടെ തൊഴിലവസരങ്ങളും വരുമാനവും വർദ്ധിപ്പിക്കുവാൻ സാധിച്ചിട്ടുണ്ട്. ഇതിലൂടെ മനുഷ്യ-വന്യജീവി സഹവർത്തിത്വം എന്ന ലക്ഷ്യം സാധ്യമാക്കുന്നതിനുള്ള ശ്രമങ്ങൾക്ക് പിന്തുണയും സഹകരണവും ലഭ്യമാക്കുവാൻ സാധിച്ചിട്ടുണ്ട്.

കഴിഞ്ഞ കാലങ്ങളെ അപേക്ഷിച്ച് മനുഷ്യ-വന്യജീവി സംഘർഷങ്ങൾ കാരണമുണ്ടാകുന്ന കഷ്ടനഷ്ടങ്ങൾക്കുള്ള ധനസഹായം നൽകുന്നത് ത്വരിതപ്പെടുത്തുന്നതിനും ആയതിലെ കുടിശ്ശിക തുലോം കുറയ്ക്കുന്നതിനും, പരമാവധി ധനസഹായം നൽകുന്നതിനും സാധിച്ചിട്ടുണ്ട്.

പൊതുജന പങ്കാളിത്തത്തോടെയുള്ള മനുഷ്യ-വന്യജീവി സംഘർഷ ലഘൂകരണ പ്രവർത്തനങ്ങൾ, പി.ആർ.ടി.കളുടെ രൂപീകരണം, സർപ്പ വോളന്റിയർമാരുടെ സേവനം, വിവിധ ബോധവൽക്കരണ പ്രവർത്തനങ്ങൾ, ഗോത്രവർഗ്ഗ അറിവുകൾ ശേഖരിക്കുന്നതിനുള്ള മിഷൻ ഗോത്രഭേരി, തീവ്രയജ്ഞ പരിപാടി തുടങ്ങിയ പ്രവർത്തികളിലൂടെ വനം വകുപ്പിലെ ഉദ്യോഗസ്ഥരും പൊതുജനങ്ങളും

| | | | |
|---|---|---|---|
| | | | തമ്മിലുള്ള ജനസൗഹൃദ ബന്ധം മെച്ചപ്പെടുത്തുന്നതിന് സാധിച്ചിട്ടുള്ളതാണ്.<br><br>മേൽ വിവരിച്ച പൊതുവായ നേട്ടങ്ങൾ കൂടാതെ ഓരോ മിഷനിലൂടെയും കൈവരിക്കാൻ സാധിച്ചിട്ടുള്ള നേട്ടങ്ങൾ സംബന്ധിച്ച വിവരം അനുബന്ധം -1 ആയി ചേർക്കുന്നു. |
| (ബി) | സംസ്ഥാനത്ത് എത്ര ഹെക്ടർ ഏകവിളതോട്ടങ്ങൾ സ്വാഭാവിക വനങ്ങളാക്കി മാറ്റിയിട്ടുണ്ട്; വ്യക്തമാക്കാമോ; | (ബി) | സംസ്ഥാനത്ത് 2903.781 ഹെക്ടർ ഏകവിളത്തോട്ടങ്ങൾ സ്വാഭാവിക വനങ്ങളാക്കി മാറ്റിയിട്ടുണ്ട്. ആയതിന്റെ സർക്കിൾ തിരിച്ചുള്ള കണക്ക് അനുബന്ധം (2) ആയി ചേർക്കുന്നു. |
| (സി) | കാവുകളുടെ സംരക്ഷണത്തിനും നവീകരണത്തിനുമായി 2016 മുതൽ 2025 വരെ എത്ര തുക ധനസഹായമായി നൽകിയിട്ടുണ്ട്; വ്യക്തമാക്കാമോ; | (സി) | കാവുകളെ സംരക്ഷിക്കുന്നതിനും പരിപാലിക്കുന്നതിനും 2016 മുതൽ 2025 വരെ 1,29,72,817 രൂപ (ഒരു കോടി ഇരുപത്തൊമ്പത് ലക്ഷത്തി എഴുപത്തിരണ്ടായിരത്തി എണ്ണൂറ്റി പതിനേഴ് രൂപ) ധനസഹായമായി നൽകിയിട്ടുണ്ട്. ആയതിന്റെ വർഷം തിരിച്ചുള്ള കണക്ക് അനുബന്ധം (3) ആയി ചേർക്കുന്നു. |
| (ഡി) | സംസ്ഥാന വനം വകുപ്പിന്റെ പ്രവർത്തനങ്ങൾക്ക് ഏതൊക്കെ അവാർഡുകൾ 2016 മുതൽ 2025 വരെ ലഭിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ? | (ഡി) | 2016 മുതൽ 2025 വരെ വനം വകുപ്പിന്റെ പ്രവർത്തനങ്ങൾക്ക് ലഭിച്ചിട്ടുള്ള പ്രധാന അവാർഡുകളും അംഗീകാരങ്ങളും ചുവടെ ചേർക്കുന്നു.<br>1. ദേശീയ കടുവ സംരക്ഷണ അതോറിറ്റി (NTCA) യുടെ സാമൂഹിക പങ്കാളിത്തത്തോടെയുള്ള ഇക്കോ-ടൂറിസം അവാർഡ് പറമ്പിക്കുളം കടുവ സങ്കേതത്തിന് 2016 ൽ ലഭിച്ചു.<br>2. 2016-17 ൽ കേരള സർക്കാരിന്റെ ഇ-ഗവേണൻസ് അവാർഡ് വനം വകുപ്പിന്റെ ഐ.റ്റി. വിഭാഗത്തിന് ലഭിച്ചു.<br>3. 2021 ൽ പറമ്പിക്കുളം കടുവാ സങ്കേതത്തിന് CA/TS അക്രഡിറ്റേഷൻ ലഭിച്ചു.<br>4. 2021 ൽ PaTCoF നു- നാറ്റ്‌വെസ്റ്റിന്റെ എർത്ത് ഗാർഡിയൻ അവാർഡ് ലഭിച്ചു.<br>5. 2023 ൽ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പൈസസ് റിസർച്ചിന്റെ സ്പൈസസ് അവാർഡ് "പൂപ്പാറ" കുരുമുളകിന് ലഭിച്ചു.<br>6. 2018, 2022 വർഷങ്ങളിൽ ദേശീയ കടുവാ സംരക്ഷണ അതോറിറ്റിയുടെ മാനേജ്മെന്റ് ഇഫക്ടീവ്-നെസ്സ് ഇവാല്യൂവേഷനിൽ (MEE) ഇന്ത്യയിലെ ആദ്യ സ്ഥാനം പെരിയാർ കടുവാ സങ്കേതത്തിന് ലഭിച്ചു.<br>7. പെരിയാർ കടുവാ സങ്കേതത്തിന് 2023 ൽ കൺസർവേഷൻ അഷ്വേഡ് ടൈഗർ സ്റ്റാൻഡേർഡ് (CATS) ഇന്റർനാഷണൽ അക്രഡിറ്റേഷൻ ലഭിച്ചു.<br>8. 2025 ൽ കേന്ദ്ര സർക്കാരിന്റെ മാനേജ്മെന്റ് ഇഫക്ടീവ്നെസ്സ് ഇവാല്യൂവേഷനിൽ (MEE) രാജ്യത്തെ ദേശീയോദ്യാനങ്ങളിൽ എറ്റവും |

| | | | |
|---|---|---|---|
| | | | മികച്ചതായി ഇരവികുളം ദേശീയോദ്യാനത്തെ തെരഞ്ഞെടുത്തു.<br>9. 2024 & 2025 വർഷങ്ങളിൽ ദേശീയ വന കായികമേളയിൽ കേരള വനം വകുപ്പ് റണ്ണേഴ്സ് അപ്പ് ആയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം - 1

ഓരോ മിഷനിലൂടെയും കൈവരിച്ച നേട്ടങ്ങൾ

**1. മിഷൻ ഫുഡ്, ഫോഡർ & വാട്ടർ (Mission FFW / Mission Food, Fodder & Water)**

വന്യമൃഗങ്ങൾക്ക് ആവശ്യമായ ഭക്ഷണ-ജലലഭ്യത വനത്തിനുള്ളിൽ തന്നെ ഉറപ്പുവരുത്തുന്നതിനാണ് ഈ മിഷൻ ലക്ഷ്യമിടുന്നത്. ടി മിഷന്റെ ഭാഗമായി **2025** ഫെബ്രുവരി മുതൽ നാളിതു **(25/01/2026)** വരെ **5,06,487** സീഡ് ബാൾ (വിത്തുണ്ട) വ്യാപനവും, **620.722** ഹെക്ടർ വിസ്റ്റ ക്ലിയറൻസും, **263.15** ഹെക്ടർ തുറസ്സായ പ്രദേശങ്ങളുടെ പുനഃസ്ഥാപനവും, **572.72** ഹെക്ടർ വയലുകളുടേയും **1704.85** ഹെക്ടർ പുൽമേടുകളുടേയും പരിചരണവും നടത്തിയിട്ടുള്ളതാണ്. കൂടാതെ **223** കുളങ്ങൾ വൃത്തിയാക്കിയിട്ടുള്ളതും, **55** കൃത്രിമ കുളങ്ങൾ നിർമ്മിച്ചിട്ടുള്ളതുമാണ്. ജല ലഭ്യത ഉറപ്പുവരുത്തുന്നതിലേക്കായി മേൽ വിവരിച്ചത് കൂടാതെ പുതിയതായി രണ്ട് കോൺക്രീറ്റ് ചെക്ക് ഡാമുകളും **21** കൽത്തടയണകളും **15** മൺ തടയണകളും നിർമ്മിക്കുകയും **113** കോൺക്രീറ്റ് ചെക്ക് ഡാമുകളുടെ അറ്റകുറ്റപ്പണികൾ നടത്തിയിട്ടുള്ളതുമാണ്. വനം വകുപ്പ് ജീവനക്കാർ തദ്ദേശവാസികളുടേയും സന്നദ്ധ പ്രവർത്തകരുടേയും സഹകരണത്തോടെ **646** ബ്രഷ്‌വുഡ് ചെക്ക് ഡാമുകളും **226** നീരുറവകളും നിർമ്മിച്ച്/പരിപാലിച്ചിട്ടുള്ളതുമാകുന്നു.

**2. Mission Solar Fencing**

വനം വകുപ്പ് ഇതുവരെ സ്ഥാപിച്ചിട്ടുള്ള സൗരോർജ വേലികൾ പൊതുജന പങ്കാളിത്തത്തോടെ അറ്റകുറ്റ പണികൾ നടത്തുന്നതിലേക്കാവശ്യമായ പ്രായോഗിക പരിശീലനങ്ങൾ നൽകി അവ പ്രവർത്തനക്ഷമമാക്കുകയാണ് ടി പദ്ധതിയുടെ ലക്ഷ്യം. വനം വകുപ്പിന്റെ വിവിധ മേഖലകളിൽ വിവിധ കാരണങ്ങളാൽ പ്രവർത്തനരഹിതമായിരുന്ന **1955** കിലോമീറ്റർ സൗരോർജ വേലികൾ മിഷൻ ഫെൻസിങ് **2024** ലൂടെ പൂർണ്ണമായും പ്രവർത്തനക്ഷമമാക്കാൻ സാധിച്ചിട്ടുണ്ട്. മേൽ വിവരിച്ചത് കൂടാതെ **794** കി.മീ. പുതുതായി സോളാർ ഫെൻസിംഗിന്റെ നിർമ്മാണ പ്രവൃത്തികൾ നടന്നുവരുന്നു.

മിഷൻ സോളാർ ഫെൻസിംഗിന്റെ ഭാഗമായി ഫോറസ്റ്റ് സ്റ്റേഷനുകളിലും/ സെക്ഷൻ ഓഫീസുകളിലും സോളാർ വേലികളുടെ അറ്റകുറ്റപ്പണികൾക്കായുള്ള ഉപകരണങ്ങളും സാമഗ്രികളും സൂക്ഷിക്കുന്നതിനായി ടൂൾ റൂമുകൾ തയ്യാറാക്കിയിട്ടുള്ളതും ബാറ്ററി, എനർജൈസർ തുടങ്ങിയവ സമയബന്ധിതമായി അറ്റകുറ്റപ്പണികൾ നടത്തുവാൻ

മാനന്തവാടി കേന്ദ്രീകരിച്ച് സോളാർ ഫെൻസിംഗ് സർവ്വീസ് സെൻ്റർ ആരംഭിച്ചിട്ടുള്ളതുമാണ്.

**3. Mission Wild Pig**

ജനവാസമേഖലയിൽ ജനങ്ങളുടെ ജീവനും സ്വത്തിനും ഭീഷണിയാകുന്ന കാട്ടുപന്നികളെ ഉന്മൂലനം ചെയ്യുന്നതിനും ജനങ്ങളുടെ സുരക്ഷ ഉറപ്പാക്കുന്നതിനും നിലവിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അധികാരം നൽകിയിട്ടുണ്ട്. ആയതിലൂടെ 15/12/2025 വരെ വിവിധയിടങ്ങളിലായി ആകെ 5351 കാട്ടുപന്നികളെ ഇല്ലായ്മ ചെയ്തിട്ടുള്ളതാണ്. കൂടാതെ അംഗീകൃത ഷൂട്ടർമാരുടെ ലിസ്റ്റ് പരിഷ്കരിച്ച് പഞ്ചായത്തുകൾക്ക് കൈമാറിയിട്ടുണ്ട്. ഷൂട്ടർമാർക്കുള്ള ഓണറേറിയം 1500 രൂപയായും ജഡം മറവു ചെയ്യുന്നതിനുള്ള ചെലവിനം 2000 രൂപയായും വർദ്ധിപ്പിച്ചിട്ടുള്ളതാണ്.

**4. Mission SARPA**

മനുഷ്യ-വന്യജീവി സംഘർഷങ്ങൾ മൂലമുള്ള മരണങ്ങളിൽ ഭൂരിപക്ഷവും വനത്തിനു പുറത്തു വച്ച്, പാമ്പു കടിയേറ്റുണ്ടായ മരണങ്ങളാണ്. മിഷൻ സർപ്പ പദ്ധതിയിലൂടെ സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി (SDMA), തദ്ദേശ സ്വയം ഭരണം, ആരോഗ്യം, റവന്യൂ, വിദ്യാഭ്യാസം എന്നിങ്ങനെ വിവിധ വകുപ്പുകളുടെ ഏകോപനത്തിന്റേയും സഹകരണത്തിന്റേയും സർപ്പ വോളന്റീയർമാരുടെ പരിശ്രമങ്ങളുടേയും ഫലമായി 2018-2019 ൽ കേരളത്തിൽ പാമ്പുകടിയേറ്റു 123 ജീവൻ പൊലിഞ്ഞ അവസ്ഥയിൽ നിന്നും 2024-2025 ൽ 34 മരണം എന്ന നിരക്കിലേക്ക് കുറയ്ക്കാൻ (72% കുറവ്) ഈ മിഷനിലൂടെ കഴിഞ്ഞിട്ടുണ്ട്. 2025-26 ൽ നാളിതുവരെ (29/01/2026) 17 മരണങ്ങൾ മാത്രമാണ് പാമ്പുകടിമൂലം റിപ്പോർട്ട് ചെയ്തിട്ടുള്ളത്. 2025 വർഷത്തിൽ 23779 പാമ്പുകളെ സർപ്പ വോളന്റീയർമാർ റസ്ക്യൂ ചെയ്തിട്ടുള്ളതാകുന്നു. സർപ്പ മിഷനിലൂടെ ആന്റിവെനം നിർമിക്കുന്നതിനുള്ള ശ്രമങ്ങളും സ്കൂൾ / കോളേജ്, കുടുംബശ്രീ, തൊഴിലുറപ്പ് അംഗങ്ങൾ തുടങ്ങി വിവിധ വിഭാഗങ്ങൾക്കായി "സർപ്പ പാഠം" പദ്ധതിയിലൂടെയും ബോധവൽക്കരണ ക്ലാസ്സുകളും നടന്നുവരുന്നു.

**5. Mission Primary Response Team**

മനുഷ്യ-വന്യജീവി സംഘർഷം റിപ്പോർട്ട് ചെയ്യപ്പെടുന്നയിടങ്ങളിൽ RRT സംഘം എത്തിച്ചേരുന്നതിന് മുമ്പു തന്നെ ചിട്ടയായ സംഘർഷ ലഘൂകരണ പ്രവർത്തനങ്ങൾ അടിയന്തരമായി തുടക്കം കുറിക്കുവാൻ തദ്ദേശവാസികളിൽ നിന്നും സന്നദ്ധരായവരെ

ഉൾപ്പെടുത്തി **Primary Response Team (PRT)** കൾ രൂപീകരിക്കുക എന്നതാണ് പദ്ധതി ലക്ഷ്യം. പരിശീലനം ലഭിച്ചിട്ടുള്ള **SARPA** വോളന്റിയർമാർ, പഞ്ചായത്തുതല **BMC** അംഗങ്ങൾ, സിവിൽ ഡിഫൻസ് അംഗങ്ങൾ, സന്നദ്ധ പ്രവർത്തകർ, വി.എസ്.എസ്. / ഇ.ഡി.സി. അംഗങ്ങൾ, ജൈവ വൈവിധ്യപരിപാലന സമിതി അംഗങ്ങൾ തുടങ്ങിയവരാണ് **PRT** യിലെ അംഗങ്ങൾ. ഘട്ടംഘട്ടമായി മനുഷ്യ-വന്യജീവി സംഘർഷം നിലവിലുള്ള എല്ലാ മേഖലകളിലും **PRT** കൾ രൂപീകരിച്ച് പ്രവർത്തിക്കുന്നതിന്റെ ഭാഗമായി വിവിധ പഞ്ചായത്തുകളിലായി നാളിതുവരെ **(29/01/2026) 327 PRT** കൾ രൂപീകരിച്ചിട്ടുണ്ട്.

**6. Mission Real Time Monitoring**

മനുഷ്യ-വന്യമൃഗ സംഘർഷങ്ങൾ വ്യാപകമായ പ്രദേശങ്ങളിൽ നൂതന സാങ്കേതിക വിദ്യയിലൂന്നിയുള്ള നിരീക്ഷണ പരിപാടികളും മറ്റിതര സംരക്ഷണ സംവിധാനങ്ങളും നടപ്പിലാക്കാനാണ് മിഷൻ **Real Time Monitoring** ഉദ്ദേശിക്കുന്നത്. ഇതിന്റെ ഭാഗമായി സംസ്ഥാനത്തെ ആനത്താരകൾ, വന്യമൃഗങ്ങളുടെ സ്ഥിരം സഞ്ചാരപാതകൾ എന്നിവ തുടർച്ചയായി നിരീക്ഷിക്കുകയും വന്യമൃഗങ്ങളുടെ നീക്കം മുൻകൂട്ടിയറിഞ്ഞ് മുൻകരുതൽ സംവിധാനങ്ങൾ ഒരുക്കുകയും ചെയ്യുക എന്നതാണ് ടി പദ്ധതിയുടെ പ്രധാന ലക്ഷ്യം. ടി പദ്ധതി പ്രകാരം ചാലക്കുടി ഡിവിഷനിലെ പീലാർമൂഴി, നല്ലഭൂമി, വെട്ടിക്കുഴി ഭാഗങ്ങളിലും പെരിയാർ ടൈഗർ റിസർവിലെ ഈസ്റ്റ് ഡിവിഷനിലെ പൂവരശിലും വെസ്റ്റ് ഡിവിഷനിലെ ഉപ്പുപാറയിലും ആദ്യഘട്ടത്തിൽ നിരീക്ഷണ ഉപകരണങ്ങൾ സ്ഥാപിക്കുന്നതിന് **M/s.** ടാറ്റാ കൺസൾട്ടൻസി സർവ്വീസ്, **M/s.** ടാറ്റാ മോട്ടേഴ്സ് എന്നവരുമായി **20/01/2026** ന് ധാരണാ പത്രം ഒപ്പു വച്ചിട്ടുണ്ട്. കൂടാതെ സ്വയം സന്നദ്ധ പുനരധിവാസത്തിനും, **AI** സാങ്കേതിക വിദ്യയ്ക്കും, ഡ്രോണുകൾ, സ്മാർട്ട് കേജുകൾ, നൈറ്റ് വിഷൻ ക്യാമറകൾ, ബൈനോക്കുലറുകൾ, റേഡിയോ കോളറുകൾ, ട്രാൻക്വിലൈസറുകൾ എന്നിവ വാങ്ങുന്നതിനുമായി കിഫ്ബി പദ്ധതയിൽ അനുവദിച്ച **110** കോടി രൂപ വിനിയോഗിച്ച് പ്രവൃത്തികൾ പുരോഗതിയിലാണ്.

7. **Mission Tribal Knowledge (ഗോത്രഭേരി)**

മനുഷ്യ-വന്യജീവി സഹർവത്തിത്വത്തിനും സംഘർഷ ലഘൂകരണത്തിനും കേരളത്തിലെ ഗോത്രവിഭാഗങ്ങൾ സ്വീകരിച്ചു വരുന്ന അലിഖിതവും പുറം ലോകത്തിനു അപരിചിതവുമായ പരമ്പരാഗത അറിവുകളുടെ ശേഖരണത്തിനും അവയുടെ ഫലപ്രാപ്തി സംബന്ധിച്ച ശാസ്ത്രീയ പഠനങ്ങൾക്കും പ്രായോഗികമായവയുടെ ഉപയുക്തതയ്ക്കും പ്രചരണത്തിനുമായി കേരള വന ഗവേഷണ കേന്ദ്രവുമായി ചേർന്ന് തുടക്കം കുറിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി കേരളമൊട്ടാകെ **18** വിപുലമായ പരിപാടികൾ സംഘടിപ്പിച്ചു. ആയതിൽ വിവിധ ഗോത്രവിഭാഗങ്ങളെ പ്രതിനിധീകരിച്ച് **360** ഉന്നതികളിൽ നിന്നായി **1016**

പേർ പങ്കെടുത്തു. ഈ അറിവുകൾ സംഘർഷ ലഘൂകരണ ശ്രമങ്ങളിൽ ഉൾപ്പെടുത്തി വരുന്നു.

**8. Mission Sensitization to Public**

മനുഷ്യ-വന്യജീവി സംഘർഷങ്ങൾ സംബന്ധിച്ച് പ്രാദേശിക സംഘർഷ സാഹചര്യങ്ങൾക്ക് അനുസൃതമായ വിജ്ഞാന അവബോധ പരിപാടികൾ സംഘടിപ്പിക്കുകയും പൊതുജനങ്ങളെ വന്യജീവി സംരക്ഷണത്തിന്റെ പ്രാധാന്യത്തെക്കുറിച്ചും അനുബന്ധ വിഷയങ്ങളെക്കുറിച്ചും അവബോധരാക്കുക എന്നതും ഈ പദ്ധതി ലക്ഷ്യമിടുന്നു. വാർത്തകളും വിശേഷങ്ങളും വിജ്ഞാനപ്രദമായ അറിവുകളും നവമാധ്യമങ്ങളിലൂടെ പങ്കുവച്ചും, പരമ്പരാഗത മാധ്യമങ്ങളുടെ വിവിധ പരിപാടികളിൽ സജീവമായി പങ്കെടുത്തും വനം-വന്യജീവി സംരക്ഷണത്തെക്കുറിച്ചും മനുഷ്യ-വന്യജീവി സംഘർഷ ലഘൂകരണത്തിനായി അവലംബിക്കാവുന്ന മാതൃകാ പ്രവർത്തനങ്ങളെക്കുറിച്ചും വ്യാപകമായ ഇൻഫോടൈൻമെന്റ് പരിപാടികൾ വനം വകുപ്പ് ഉദ്യോഗസ്ഥരും ജീവനക്കാരും സജീവമായി നടത്തിവരുന്നു.

**9. Mission Science on Human Wildlife Conflict**

മനുഷ്യ-വന്യജീവി സംഘർഷം തടയുന്നതിന്റെ ഭാഗമായി '**Mission Science on Human Wildlife Conflict**' എന്ന പദ്ധതിക്ക് വനം വകുപ്പ് രൂപം നൽകിയിട്ടുണ്ട്. വിവിധ ഗവേഷണ സ്ഥാപനങ്ങളുമായും സർവകലാശാലകളുമായും സഹകരിച്ച് ഗവേഷണം, പഠനം എന്നിവ നടത്തുകയും കാലാവസ്ഥാവ്യതിയാനം മൂലം വന്യമൃഗങ്ങളുടെ സ്വഭാവത്തിലുണ്ടാകുന്ന മാറ്റങ്ങൾ, സംഘർഷത്തിനിടയാക്കുന്ന വിവിധ കാരണങ്ങൾ, ഫലപ്രദമായ പരിഹാര മാർഗ്ഗങ്ങൾ, സംഘർഷ ലഘൂകരണ പ്രവർത്തനങ്ങൾക്ക് ഉപയോഗപ്പെടുത്താവുന്ന പരമ്പരാഗത അറിവുകൾ എന്നിവ സംബന്ധിച്ച് പഠനം നടത്തുന്നതിന് മുൻകൈ എടുക്കുകയും, പഠന ഗവേഷണ പരിപാടികളുടെ കണ്ടെത്തലുകൾ ഉദ്യോഗസ്ഥരിലേക്കും പൊതുജനങ്ങളിലേക്കും കൃത്യമായി എത്തിക്കുന്നതിനുമുള്ള നടപടികളും, വനപരിപാലനത്തിന് പഠന ഫലങ്ങളുടെ അടിസ്ഥാനത്തിൽ കാലോചിതമായ മാറ്റങ്ങൾ ഉണ്ടാക്കുകയുമാണ് ഈ പദ്ധതിയുടെ ലക്ഷ്യം. വിദേശ രാജ്യങ്ങളിൽ ഉൾപ്പെടെ പരീക്ഷിച്ച് വിജയിച്ച രീതികൾ ആഴത്തിൽ പഠിച്ച് പരിസ്ഥിതിക്കും ജനജീവിതത്തിനും ദോഷം വരാത്ത രീതിയിൽ അവലംബിക്കുന്നതിനുള്ള ശ്രമങ്ങളും ഈ മിഷനിലൂടെ നടത്തുന്നതാണ്. ഇതിനുവേണ്ടി അന്താരാഷ്ട്ര വിദഗ്ധർ ഉൾപ്പെടെയുള്ളവരുമായി നിരന്തരം ചർച്ചകൾ സംഘടിപ്പിച്ചു വരുന്നു.

**10. Mission Bonnet Macaque**

നാടൻ കുരങ്ങുകൾ മൂലമുണ്ടാകുന്ന സംഘർഷങ്ങളുടെ കാരണങ്ങളും, പൊതുവായും പ്രാദേശിക പ്രത്യേകതകൾക്ക് അനുസരിച്ച് പ്രത്യേകമായും പ്രതിവിധിയായി സ്വീകരിക്കാവുന്ന നടപടികളും ഉൾക്കൊള്ളിച്ചു് വിശദമായ പഠനറിപ്പോർട്ട് തയാറാക്കി അതനുസരിച്ച് നാടൻ കുരങ്ങുകൾ മൂലമുണ്ടാകുന്ന പ്രശ്നങ്ങളും ബുദ്ധിമുട്ടുകളും പ്രായോഗികമായി ഇല്ലാതാക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം. ഇതിനായി വിഷയത്തിലെ വിദഗ്ധരെ ഉൾപ്പെടുത്തി **28/05/2025** ന് തിരുവനന്തപുരത്ത് വച്ച് ഒരു ശില്പശാല നടത്തിയിട്ടുണ്ട്. ശില്പശാലയെ തുടർന്ന് ശില്പശാലയിൽ ഉരുത്തിരിഞ്ഞ പൊതു നിർദ്ദേശങ്ങളും വിദഗ്ധരുടെ പ്രത്യേക ശുപാർശകളും ഉൾപ്പെടുത്തി ഭേദഗതിവരുത്തിയ പ്രൊപ്പോസൽ സർക്കാരിന്റെ സജീവ പരിഗണനയിലാണ്. ഇതിന് കേന്ദ്ര സർക്കാരിന്റെ അംഗീകാരം ആവശ്യമാണ്.

**11. മിഷൻ മഞ്ഞക്കൊന്ന**

സംസ്ഥാനത്തെ വനമേഖലകളിൽ പടർന്നു പിടിച്ചിട്ടുള്ള അധിനിവേശ കള സസ്യങ്ങളെ, പ്രത്യേകിച്ച് മഞ്ഞക്കൊന്ന (സെന്ന സ്പെക്ടാബിലിസ്) എന്ന കള സസ്യത്തെ ഉന്മൂലനം ചെയ്യുന്ന പ്രക്രിയ പൊതുജന പങ്കാളിത്തത്തോടെ ഊർജ്ജിതപ്പെടുത്തുന്നതനായുള്ള തീവ്രയജ്ഞ മിഷനാണിത്. പൊതുജന പങ്കാളിത്തം, ശാസ്ത്രീയ പഠനം, വൈദേശിക സസ്യങ്ങളും ജീവജാലങ്ങളും നമ്മുടെ തനത് ആവാസ വ്യവസ്ഥയേയും വന്യജീവി സമ്പത്തിനേയും എങ്ങനെ ദോഷകരമായി ബാധിക്കുന്നു എന്നതിനെക്കുറിച്ചുള്ള ശാസ്ത്രീയവും വ്യാപകവുമായ ബോധവൽക്കരണം എന്നിവ ഈ തീവ്രയജ്ഞ മിഷൻ ലക്ഷ്യം വയ്ക്കും. ടി മിഷന്റെ ഭാഗമായി വിവിധ സർക്കിളുകളിൽ **5,635** ഹെക്ടർ സ്ഥലത്ത് മഞ്ഞക്കൊന്ന നീക്കം ചെയ്തിട്ടുള്ളതാകുന്നു.

**12. മിഷൻ കൃഷി പുനരുജ്ജീവനവും മനുഷ്യ-വന്യജീവി സംഘർഷ ലഘൂകരണവും**

വനാതിർത്തികളിലും വനത്തിനോട് ചേർന്ന പ്രദേശങ്ങളിലും മനുഷ്യ-വന്യജീവി സംഘർഷത്തിന് കാരണമാകാത്ത തരത്തിലും കർഷകർക്ക് മികച്ച വിളവും വരുമാനവും ഉറപ്പുവരുത്തുന്നതുമായ കാർഷികവിളകൾ കണ്ടെത്തി പ്രചരിപ്പിക്കുക, ആധുനിക സാങ്കേതികവിദ്യയിൽ അധിഷ്ഠിതവും വനം-പരിസ്ഥിതി സൗഹൃദവുമായ നൂതന കൃഷിരീതികൾക്ക് പ്രോത്സാഹനവും പരിശീലനവും നൽകുക, കാർഷിക വിളകൾക്ക് മൂല്യവർദ്ധിത വിപണിയൊരുക്കുക, തനത് വിളകളുടേയും കാർഷിക ഉല്പന്നങ്ങളുടേയും ബ്രാൻഡിംഗും മാർക്കറ്റിംഗും, കൃഷിക്കും വളർത്തു മൃഗങ്ങൾക്കുമുള്ള ഇൻഷുറൻസ്, മൂല്യാധിഷ്ഠിത നഷ്ടപരിഹാരം, സിൽവികൾച്ചർ, കാർഷികോല്പന്നങ്ങളുടെ ചോദനാധിഷ്ഠിത ഉല്പാദനവും പ്രദാനവും തുടങ്ങിയവ ഈ മിഷൻ ലക്ഷ്യം വയ്ക്കുന്നു. കൃഷി, മൃഗ സംരക്ഷണം,

ക്ഷീരവികസനം, പോൾട്രി വികസനം തുടങ്ങിയ വകുപ്പുകളുടെ കൂടെ സഹകരണത്തോടെ പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിനും ഈ മിഷൻ ലക്ഷ്യം വയ്ക്കുന്നു. ഇതിന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

അനുബന്ധം :2

| സർക്കിൾ | ഹെക്ടർ |
| --- | --- |
| സതേൺ സർക്കിൾ | 793.40 |
| ഹൈറേഞ്ച് സർക്കിൾ | 244.30 |
| സെൻട്രൽ സർക്കിൾ | 687.80 |
| ഈസ്റ്റേൺ സർക്കിൾ | 427.27 |
| നോർത്തേൺ സർക്കിൾ | 274.511 |
| കോട്ടയം വൈൽഡ് ലൈഫ് സർക്കിൾ | 476.50 |
| **ആകെ** | **2903.781** |

അനുബന്ധം : 3

| **വർഷം** | **ധന സഹായമായി നൽകിയ തുക (രൂപ)** |
|---|---|
| 2016 | 24,24,440 |
| 2017 | 13,24,850 |
| 2018 | 12,13,800 |
| 2019 | 19,23,860 |
| 2020 | 13,32,900 |
| 2021 | 15,62,786 |
| 2022 | 13,33,363 |
| 2023 | 9,19,868 |
| 2024 | 8,39,850 |
| 2025 | 97,100 |
| **ആകെ** | **1,29,72,817** |